**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2263** **16-03-2022 - ൽ മറുപടിയ്ക്ക്**

**മുൻഗണനേതര വിഭാഗം റേഷൻ കാർഡിലെ അംഗങ്ങൾക്ക് ലഭിക്കുന്ന ചികിത്സാ ആനുകൂല്യങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുതര രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്ന മുൻഗണനേതര വിഭാഗം റേഷൻ കാർഡുകളിലെ അംഗങ്ങൾക്ക് ആശുപത്രികളിൽ നിന്ന് ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി പൊതുവിതരണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | ഗുരുതര രോഗം ബാധിച്ച എ.എ.വൈ, പി.എച്ച്.എച്ച്, മുൻഗണനേതര (സബ്സിഡി) വിഭാഗത്തിലെ ഉപഭോക്താക്കൾക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 06.07.2018 ലെ സ.ഉ(സാധാ)നം.2171/2018/ആകുവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം നൽകി വരുന്നുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ മുൻഗണനയ്ക്ക് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതുമായ മുൻഗണനേതര കുടുംബങ്ങളുടെ അപേക്ഷ പരിഗണിച്ച് ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് രോഗ ചികിത്സാർത്ഥം ടി കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തു കൊടുക്കുന്നു. കൂടാതെ മുൻഗണനേതര വിഭാഗം കാർഡിലെ അംഗങ്ങൾക്ക് രോഗ ചികിത്സയ്ക്കായി "സ്റ്റേറ്റ് പ്രയോറിറ്റി" സീൽ പതിച്ചു നൽകാൻ ജില്ലാ സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മുൻഗണനേതര വിഭാഗം റേഷൻ കാർഡുകളിലെയും മുൻഗണന വിഭാഗം റേഷൻ കാർഡുകളിലെയും അംഗങ്ങൾക്ക് ആശുപത്രികൾ ചികിത്സാ ആനുകൂല്യം നൽകേണ്ടത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

(സംഗ്രഹം)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - അന്ത്യോദയ അന്ന യോജന (AAY), മുൻഗണന (Priority) റേഷൻകാർഡ് അംഗങ്ങൾക്കും ഗുരുതര രോഗം ബാധിച്ച പൊതുവിഭാഗം സബ്സിഡി (Non priority State subsidy) റേഷൻകാർഡ് അംഗങ്ങൾക്കും മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യചികിത്സ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ) നം.2171/2018/ആ.ക.വ — തിരുവനന്തപുരം, തീയതി, 06.07.2018

പരാമർശം : സ.ഉ.(സാധാ.) നം.18/2016/ഭ.പൊ.വി.വ. തീയതി 28.01.2016

## ഉത്തരവ്

മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽനിന്നും ചികിത്സ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടിയുള്ള രേഖയായി ബി.പി.എൽ. റേഷൻ കാർഡുകൾ മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നു. ഭക്ഷ്യഭദ്രതാനിയമം 2013 നിലവിൽ വന്നതിനുശേഷം ബി.പി.എൽ.കാർഡുകൾ അസാധുവായി, പകരം അന്ത്യോദയ അന്ന യോജന (AAY), മുൻഗണന (Priority), പൊതുവിഭാഗം സബ്സിഡി (Non priority State subsidy), പൊതുവിഭാഗം (Non priority) റേഷൻകാർഡുകൾ നിലവിൽ വന്നു.

മേൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുരുതരരോഗം ബാധിച്ചവർക്ക് ചികിത്സാ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ റേഷൻകാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' എന്ന് രേഖപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്.

ഭക്ഷ്യഭദ്രതാനിയമം 2013 നിലവിൽ വരുന്നതിനുമുൻപ് ബി. പി. എൽ വിഭാഗത്തിനു ലഭിച്ചിരുന്ന ചികിത്സ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതായ പരാതികൾ സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

എ) അന്ത്യോദയ അന്ന യോജന (AAY), മുൻഗണന (Priority) എന്നീ വിഭാഗങ്ങളിലെ റേഷൻ കാർഡ് അംഗങ്ങൾക്ക് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കേണ്ടതാണ്.

ബി) ഗുരുതര രോഗം ബാധിച്ചിട്ടുള്ള പൊതു വിഭാഗം സബ്സിഡി വിഭാഗത്തിൽ (Non priority State subsidy ) ഉൾപ്പെടുന്ന അംഗത്തിന് റേഷൻ കാർഡിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ " സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സക്ക് അർഹനാണ്. " എന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജീവ് സദാനന്ദൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ & സ്പെഷ്യൽ ഓഫീസർ, കൊച്ചിൻ കാൻസർ & റിസർച്ച് സെന്റർ, എറണാകുളം.
ഡയറക്ടർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി.
ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്, തിരുവനന്തപുരം.
ഡയറക്ടർ, IMHANS കതിരവട്ടം, കോഴിക്കോട് 673 016
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ / ഓഡിറ്റ് ) തിരുവനന്തപുരം.
ഭക്ഷ്യപൊതുവിതരണ വകുപ്പ്.(ഫയൽ നം.FCSD-B3/103/2018-FOOD പ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ശേഖരം / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

FOOD CIVIL SUPPLIES & CONSUMER AFFAIRS DEPT. SECRETARIAT, TRIVANDRUM. 11 JUL 2018 2679098-7

സെക്ഷൻ ഓഫീസർ